

വയസ്സ്

ജനന തീയതി

പേര്

വിലാസം

രക്ഷകർത്താവിന്റെ ഒപ്പ്:

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം

## പാഠം 1: വിശ്വസിച്ച് പ്രതിഫലം നേടുക.



വായന ഭാഗം
ലൂക്കോസ് 5:17-26



താക്കോൽ വാക്യം
ലൂക്കോസ് 5:20

യൂണിറ്റ്-2
ലൂക്കോസ് സുവിശേഷം

നിങ്ങൾ വർഷങ്ങൾകൊണ്ട് സ്വന്തമാക്കുവാൻ ആഗ്രഹിച്ച ഒന്നിനായി നീണ്ട ഒരു നിരയിൽ നിന്ന് ഒടുവിൽ നിങ്ങളുടെ അവസരം വരുമ്പോൾ എന്ത് തോന്നും? യേശുവിനെ കാണുവാൻ ആഗ്രഹിച്ച ചില മനുഷ്യർ നീണ്ട നിരയും വലിയ ജനക്കൂട്ടത്തേയും നേരിട്ട ചരിത്രമാണ് നാം കാണുന്നത്.

**ചോദ്യം:** യേശുവിന്റെ പഠിപ്പിക്കലുകൾ കേട്ട രണ്ട് കൂട്ടം ജനങ്ങൾ ആരെല്ലാം?

/2

**ചോദ്യം:** എവിടെ നിന്നാണ് ഈ മനുഷ്യർ വന്നത്?

1

2

3



/3

യേശു തങ്ങളുടെ പട്ടണത്തിലുണ്ട് എന്ന വാർത്ത കേട്ടതുകൊണ്ട് ചില മനുഷ്യർ അവരുടെ രോഗിയായ സ്നേഹിതനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു.

**ചോദ്യം:** ഓരോ വാചകത്തിന് നേരെ ശരിയോ/തെറ്റോ രേഖപ്പെടുത്തുക.

1 വലിയ ജനക്കൂട്ടമായതുകൊണ്ട് അവർ തങ്ങളുടെ സ്നേഹിതനെ വീട്ടിലേക്ക് കൊണ്ടു പോയി ........................

2. അവർ വീട്ടിലേക്ക് തള്ളി കയറി ..............................

3. അവർ യേശുവിനടുത്തെത്താൻ മറ്റൊരു വഴി കണ്ടെത്തി. ..................................

/3

എത്ര നല്ല സ്നേഹിതന്മാരാണ് രോഗിയായ ഈ മനുഷ്യനുണ്ടായിരുന്നത്! അവർ പിൻതിരിഞ്ഞില്ല. യേശുവിന്റെ അടുത്തെത്തുവാൻ അവർ തീരുമാനിച്ചിരുന്നു. കാരണം അവരുടെ സ്നേഹിതനെ സൗഖ്യമാക്കുവാൻ യേശുവിന് കഴിയും എന്ന് അവർ വിശ്വസിച്ചിരുന്നു.

LEVEL - 3

11 മുതൽ 13 വയസ്സുവരെ

GOSPEL FOR CHILDREN

**ചോദ്യം:** രോഗിയായ മനുഷ്യനെ അവന്റെ സ്നേഹിതന്മാർ യേശുവിന്റെ അടുക്കൽ എത്തിച്ചത് എങ്ങനെ എന്ന് നിങ്ങളുടെ വാക്കുകളിൽ എഴുതുക.

_______________________________________________

_______________________________________________

_______________________________________________

/3

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പറഞ്ഞതാര് എന്ന് അടിയിലുള്ള കളത്തിൽ എഴുതുക.

നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു.

നിന്റെ കിടക്ക എടുത്ത് വീട്ടിലേക്ക് പോക..

ഇന്ന് നാം അപൂർവ്വ കാര്യങ്ങളെ കണ്ടു.

/3

**ചോദ്യം: ശരിയായ ഉത്തരത്തിനടിയിൽ വരയ്ക്കുക.**

1. യേശു രോഗിയായ മനുഷ്യനെ സൗഖ്യമാക്കിയത് അവന്റെ സ്നേഹിതന്മാരുടെ ധൈര്യം/ദയ/വിശ്വാസം കണ്ടിട്ടാണ്.
2. രോഗിയായ മനുഷ്യൻ സൗഖ്യമായത് വീട്ടിൽ ചെന്നപ്പോഴാണ്/ഉടനെയാണ്/ ചിലമണിക്കൂറുകൾക്കുള്ളിലാണ്.

/2

യേശുവിന്റെ സൗഖ്യമാക്കുന്ന ശക്തിയിൽ ആ മനുഷ്യർ വിശ്വസിച്ചതുകൊണ്ട് തങ്ങളുടെ സ്നേഹിതൻ നടക്കുന്നവനായി കാണുവാൻ അവർക്ക് സാധിച്ചു.

യേശുവിന്റെ ശക്തി ആ മനുഷ്യന്റെ പാപങ്ങൾ മോചിക്കുവാൻ കഴിവുള്ളതായിരുന്നു. പാപങ്ങൾ മോചിക്കുവാൻ കഴിയുന്ന ഒരാൾ യേശുകർത്താവ് മാത്രമാണ് . യേശുവിന് ആ മനുഷ്യന്റെ പാപങ്ങളെ മുഴുവനായി അറിയാം. നിങ്ങളുടെ പാപങ്ങളെ മോചിക്കുവാൻ യേശുവിനോട് നിങ്ങൾ അപേക്ഷിച്ചിട്ടുണ്ടോ? ഇല്ലായെങ്കിൽ എന്തുകൊണ്ട് ഇന്ന് തന്നെ അത് ചെയ്തുകൂടാ?

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ ശരിയാണെങ്കിൽ ( ✓ ) അടയാളപ്പെടുത്തുക, തെറ്റാണെങ്കിൽ ( ✕ ) എന്നും അടയാളപ്പെടുത്തുക.

| | |
|---|---|
| 1. യേശുവിന്റെ ശക്തിക്ക് നിങ്ങളെ ഭയപ്പെടുത്തുവാൻ കഴിയും. | |
| 2. യേശുവിന്റെ ശക്തിക്ക് നിങ്ങളുടെ പാപങ്ങളെ മോചിപ്പിക്കുവാൻ കഴിയും. | |
| 3. യേശുവിന്റെ ശക്തി തെറ്റ് ചെയ്യുവാൻ നിങ്ങളെ സഹായിക്കും. | |

/3

**ചോദ്യം:** വായനഭാഗത്ത് നിന്ന് "വിശ്വാസം" എന്ന് എഴുതിയിരിക്കുന്ന വാക്യങ്ങൾ എടുത്തെഴുതുക.

_______________________________________________

_______________________________________________

/1

**വിശ്വാസം എന്നാൽ ആശ്രയം എന്നാണർത്ഥം.**
**നിങ്ങൾ യേശുകർത്താവിനെ ആശ്രയിച്ചിട്ടുണ്ടോ?**

**ആകെ**

## പാഠം 2: മരണത്തിൽ നിന്ന് ജീവനിലേക്ക്.



വായന ഭാഗം
ലൂക്കോസ് 7:11-17



താക്കോൽ വാക്യം
ലൂക്കോസ് 7:15

അപ്രതീക്ഷിതമായത് സംഭവിക്കുമ്പോൾ മനുഷ്യർ പറയും "അത്ഭുതങ്ങൾ തീർന്നുപോകുന്നില്ല എന്ന്."

യേശു ചെയ്ത അത്ഭുതം കണ്ട മനുഷ്യർക്കും ഇത് തന്നെ തോന്നിക്കാണും. എന്നാൽ മരിച്ച ഒരു മനുഷ്യനെ ജീവനിലേക്ക് കൊണ്ടുവരിക അവിശ്വസനീയമല്ലേ?

**ചോദ്യം:** താഴെയുള്ള വാചകങ്ങൾ പൂർത്തിയാക്കുവാൻ ശരിയായ വാക്കുകൾക്കടിയിൽ വരയ്ക്കുക.

1. യേശു .....................................എന്ന പട്ടണത്തിൽ എത്തി.
   ബെഥാന്യ / നയിൻ / യെരുശലേം

2. യേശു .....................................ആണ് അങ്ങോട്ട് വന്നത്.
   ഏകനായി / ശിഷ്യരോടു കൂടെ

3. യേശു .....................................ന്റെ അരികിലെത്തി.
   ദേവാലയം / ചന്ത / പട്ടണവാതിൽ

4. യേശു ഒരു ...............................കണ്ടു.
   വിലാപയാത്ര / വിവാഹയാത്ര / വിരുന്ന്

☐ /4

കരഞ്ഞുകൊണ്ടിരിക്കുന്ന ആ സ്ത്രീയ്ക്ക് ഭർത്താവ് നേരത്തേ നഷ്ട്ടപ്പെട്ടതാണ്. ഇപ്പോൾ ഏക മകനും മരിച്ചു.

**ചോദ്യം:** അവൾ കരയുകയായിരുന്നു എന്ന് ബൈബിളിൽ നിന്ന് എങ്ങനെ തെളിയിക്കാം?

☐ /2

യേശുവിന് മനുഷ്യരോട് സ്നേഹമുണ്ട്. ഈ സ്ത്രീയുടെ ദുഃഖം യേശു മനസ്സിലാക്കി അവളെ ആശ്വസിപ്പിക്കുവാൻ ആഗ്രഹിച്ചു.

**ചോദ്യം:** മൃതദേഹം ചുമന്നുകൊണ്ട് വന്നിരുന്ന മനുഷ്യർ എന്താണ് ചെയ്തത്? താഴത്തെ വാചകങ്ങൾ ശരിയോ തെറ്റോ എന്ന് എഴുതുക.

| | |
|---|---|
| അവർ യേശുവിനോട് ദൂരെ പോകുവാൻ പറഞ്ഞു. | |
| അവർ അനങ്ങാതെ നിന്നു | |
| അവർ മൃതദേഹവുമായി മുന്നോട്ടു പോയി | |

☐ /3

**ചോദ്യം:** യേശു ബാല്യക്കാരനോട് എന്ത് പറഞ്ഞു എന്ന് എഴുതുക.

☐ /2

മൃതദേഹത്തെ പിന്തുടർന്ന ജനക്കൂട്ടത്തിന് അവരുടെ ജീവനെയോർത്ത് വലിയ ഭയമുണ്ടായി!

**ചോദ്യം:** എന്തെല്ലാം കാര്യങ്ങളാണ് തുടർന്ന് സംഭവിച്ചത്?

1. മരിച്ച മനുഷ്യൻ ..........

2 അവൻ ..........

3. യേശു അവനെ ..........

/3

ഇതുപോലെ ഒരത്ഭുതം അവർ ഇതിനു മുമ്പ് കണ്ടിട്ടേയില്ല! ഇത് എങ്ങനെ സംഭവിക്കും? ജനം അത്ഭുതപ്പെടുവാൻ തുടങ്ങി.

**ചോദ്യം:** യേശു ആരാണെന്നാണ് അവർ ചിന്തിച്ചത്?

| ഒരു മാന്ത്രികൻ | ഒരു വൈദ്യൻ | ഒരു വലിയ പ്രവാചകൻ |
|---|---|---|

/3

**ചോദ്യം:** തന്റെ ജനത്തെ സന്ദർശിച്ച് സഹായിച്ചു എന്ന് പറഞ്ഞ് അവർ ആരെയാണ് മഹത്വപ്പെടുത്തിയത്.

/1

മരണത്തിന്മേൽ അധികാരമുള്ള ഒരേയൊരാൾ .................................... മാത്രമാണെന്ന് അവർ തിരിച്ചറിഞ്ഞു.

മരിച്ച മനുഷ്യനെ ഉയിർപ്പിച്ചതിലൂടെ യേശു ദൈവമാണെന്ന് വിശ്വസിക്കുവാൻ അവർക്ക് ഒരു അവസരം കൊടുക്കുകയായിരുന്നു. പക്ഷേ പലർക്കും ഈ അത്ഭുതകരമായ രഹസ്യം മനസ്സിലാക്കുവാൻ സാധിച്ചില്ല.

നിങ്ങളും ഒരർത്ഥത്തിൽ മരിച്ചവരാണെന്ന് നിങ്ങൾക്ക് അറിയാമോ? നാം ചെയ്യുന്ന തെറ്റായ കാര്യങ്ങൾ നമ്മെ ദൈവത്തിൽ നിന്നകറ്റുന്നു. ദൈവത്തിന്റെ നോട്ടത്തിൽ നാം പാപത്തിൽ മരിച്ചവരാണ്. നമ്മുടെ പാപങ്ങളെ ക്ഷമിക്കുവാൻ യേശുവിനെ നമുക്കാവശ്യമുണ്ട്. നമ്മുടെ ജീവിതത്തിലേക്ക് വന്ന് നമുക്കൊരു പുതുജീവൻ തരുവാൻ യേശുവിന് സാധിക്കും. അപ്പോൾ നാം ദൈവത്തെ ശ്രദ്ധിക്കുവാനും അനുസരിക്കുവാനും ആഗ്രഹിക്കും.

ജനങ്ങൾ കണ്ടതായ കാര്യത്തിൽ ആശ്ചര്യപ്പെട്ട് വീണ്ടും വീണ്ടും അതിനെക്കുറിച്ച് സംസാരിച്ചു കൊണ്ടിരുന്നു.

**ചോദ്യം:** എവിടെയൊക്കെയാണ് ഈ വാർത്ത പരന്നത്?

/2

**ആകെ**

# പാഠം 3: ഭയപ്പെടരുത്



വായന ഭാഗം
ലൂക്കോസ് 8:22-25



താക്കോൽ വാക്യം
സങ്കീർത്തനങ്ങൾ56:3-4

താക്കോൽ വാക്യം പറയുന്നത്, ദൈവത്തിൽ ആശ്രയിക്കുന്ന ഞാൻ ഭയപ്പെടുകയില്ല.

നിങ്ങൾ എപ്പോഴെങ്കിലും ശരിക്കും പേടിച്ചിട്ടുണ്ടോ? നമ്മിൽ പലർക്കും ഭയപ്പെടേണ്ട സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ ഇതാ ബലവാന്മാരായ മീൻപിടുത്തക്കാർ കടലിൽ നിത്യപരിചയമുള്ളവർ പോലും ഭയപ്പെടുന്നു.

**ചോദ്യം:** ആരാണ് യേശുവിനോടൊപ്പം

**ചോദ്യം:** എന്താണ് യേശു ചെയ്തത്?

**ചോദ്യം:** എങ്ങനെയാണ് അവർ തടാകത്തിനക്കരെ എത്തിയത്?

**ചോദ്യം:** എന്ത് കൊണ്ടാണ് ശിഷ്യന്മാർ ഭയപ്പെട്ടത്?

**ചോദ്യം:** കാറ്റിനാലുള്ള അപകടം ശക്തമായപ്പോൾ എന്താണ് ശിഷ്യന്മാർ ചെയ്തത്?

**ചോദ്യം:** എന്താണ് അവർ പറഞ്ഞത്?

/6

**ചോദ്യം:** കളങ്ങൾക്ക് അക്കമിട്ട് വാചകങ്ങൾ ശരിയായ ക്രമത്തിലാക്കുക:-

ഒരു വലിയ ശാന്തതയുണ്ടായി

യേശു കാറ്റിനേയും വെള്ളത്തേയും ശാസിച്ചു.

യേശു ശിഷ്യന്മാരോട് അവരുടെ വിശ്വാസം എവിടെ എന്ന് ചോദിച്ചു.

യേശു പടകിൽ എഴുന്നേറ്റു നിന്നു.

/4

**ചോദ്യം:** ശിഷ്യന്മാർ പറഞ്ഞത് എന്താണെന്ന് എഴുതുക (വാക്യം 25)

/2

യേശു ആരാണെന്ന് നമുക്കറിയാം. യേശു ദൈവപുത്രനാണ്.

യേശു ലോകത്തെ സൃഷ്ടിച്ചപ്പോൾ കടലിനേയും നിർമ്മിച്ചു. സൃഷ്ടിച്ച എല്ലാറ്റിന്മേലും യേശുവിന് അധികാരമുണ്ട്. അതുകൊണ്ട് കാറ്റിനോടും, കടലിനോടും കല്പ്പിച്ചാൽ അവ യേശുവിനെ അനുസരിക്കും.

**ചോദ്യം:** വായനഭാഗം വായിച്ച്; ചിത്രത്തിനോടൊപ്പം ചേരുന്ന വാക്യശകലങ്ങൾ താഴെഎഴു





/4

**ചോദ്യം:** നിങ്ങൾ ഭയപ്പെടുമ്പോൾ എന്തു ചെയ്യും?

1. സഹായത്തിനായ് ഓടും 2. നിലവിളിക്കും 3. സ്നേഹിതനെ വിളിക്കും 4. ഒളിക്കും

മറ്റെന്തെങ്കിലും

**ചോദ്യം:** നാം ഭയപ്പെടുമ്പോൾ എന്ത് ചെയ്യണമെന്നാണ് താക്കോൽ വാക്യം പറയുന്നത്?

/2

**ചോദ്യം:** എന്ത് ചോദ്യമാണ് യേശു കർത്താവ് ശിഷ്യന്മാരോട് ചോദിച്ചത്?

/2

അവർ യേശു കർത്താവിൽ ആശ്രയിച്ചാൽ മാത്രമേ ഭയപ്പെടാതിരിക്കുവാൻ കഴിയൂ. യേശു കർത്താവ് നമ്മുടെ രക്ഷകനായി തീരുവാൻ ആവശ്യപ്പെടുമ്പോൾ യേശു നമ്മോടൊപ്പം എല്ലായ്പ്പോഴും ഉണ്ടാകുകയും നമുക്ക് ഭവിക്കുന്നത് അറിയുകയും ചെയ്യും. കാരണം യേശുവാണ് എല്ലാറ്റിന്റെയും നിയന്ത്രിതാവ്. യേശു നമ്മെ സഹായിക്കുവാനായി യേശുവിൽ നമുക്ക് ആശ്രയിക്കാം. പ്രത്യേകിച്ച് നാം വളരെ ഭയപ്പെട്ടിരിക്കുന്ന സമയങ്ങളിൽ.

**ആകെ**

## പാഠം 4: മറ്റുള്ളവരെ കരുതുക.



വായന ഭാഗം
ലൂക്കോസ് 9:10-17



താക്കോൽ വാക്യം
ലൂക്കോസ് 12:7

നിങ്ങളെ ആരാണ് കരുതുന്നത്? "എന്റെ അമ്മ അല്ലെങ്കിൽ എന്റെ അച്ഛൻ" സാധാരണയുള്ള ഉത്തരങ്ങളാണ്. ഒരുപക്ഷേ "മുത്തച്ഛൻ" അല്ലെങ്കിൽ "ആന്റി". നിങ്ങൾക്ക് നന്നായറിയാവുന്നവരാണ് ഇവരെല്ലാം. അവർക്ക് നിങ്ങളേയും അറിയാം. എങ്കിലും അവർ നിങ്ങൾ ആയിരിക്കുന്ന സാഹചര്യത്തിൽ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾക്ക് വേണ്ട ഏറ്റവും നല്ലത് അവർ ആഗ്രഹിക്കുന്നു.

യേശു കർത്താവ് നിങ്ങളെ അതിലും നന്നായി കരുതുന്നുണ്ട് എന്നറിയാമോ?

നമ്മുടെ വേദഭാഗത്തിൽ എന്താണ് സംഭവിച്ചത് എന്ന് നോക്കാം.

വലിയ ഒരു ജനകൂട്ടം യേശുവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. യേശുവിന് സ്വന്തമായി സമയം ലഭിക്കുക വളരെ ബുദ്ധിമുട്ടായിരുന്നു.

**ചോദ്യം:** യേശു ഏത് പട്ടണത്തിനോടടുത്തായിരുന്നു?

| |
|---|
| |

__ /1

യേശുവിന് തന്റെ അടുക്കൽ വന്നിരിക്കുന്ന ജനങ്ങളുടെ ആവശ്യം അറിയാമായിരുന്നു. അതിനാൽ എപ്പോഴും അവരെ സഹായിക്കുമായിരുന്നു.

**ചോദ്യം:** 11-ാം വാക്യം വായിച്ച് യേശു ചെയ്ത മൂന്നു കാര്യം എഴുതുക.

| |
|---|
| |
| |
| |

__ /3

സന്ധ്യയാകാറായപ്പോൾ ശിഷ്യന്മാർ യേശു കർത്താവിന്റെ അടുക്കലേക്ക് വന്നു.

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ ആരാണ് പറഞ്ഞത്?
ഉത്തരം: യേശു/ശിഷ്യന്മാർ

| | |
|---|---|
| " അവരെ പറഞ്ഞയക്കേണം" | |
| " അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ" | |
| " ഞങ്ങളുടെ പക്കൽ അഞ്ചപ്പവും രണ്ട് മീനും" | |
| " പന്തി പന്തിയായി ഇരുത്തുവിൻ" | |

__ /4

**ചോദ്യം:** അപ്പത്തിൻമേൽ എഴുതിയിരിക്കുന്ന വാക്കുകളിൽ നിന്ന് മീനിൽ എഴുതിയിരിക്കുന്ന ശരിയായ സംഖ്യയിലേക്ക് നേർരേഖ വരയ്ക്കുക. (സാധിക്കുമെങ്കിൽ ഓരോ നേർരേഖയും വ്യത്യസ്ത നിറത്തിൽ)







__ /6

സന്ധ്യയാകാറായപ്പോൾ ജനം ക്ഷീണിക്കുകയും അവർക്ക് വിശക്കുകയും ചെയ്തു. പക്ഷെ യേശുവിന് അവരെ പറഞ്ഞയക്കുവാൻ മനസ്സായില്ല. പകരം യേശു അവർക്കായ് കരുതുന്നു എന്ന് പ്രത്യേക നിലയിൽ അവർക്ക് കാണിച്ച് കൊടുത്തു. ഒരു വ്യക്തിയുടെ ഒരു നേരത്തെ ആഹാരം അനേകായിരങ്ങൾക്ക് തൃപ്തിയാകുംവണ്ണം ആഹാരമാക്കി. എത്ര അത്ഭുതവാനായ വ്യക്തിയാണ് യേശു!

**ചോദ്യം:** നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക. എന്താണ് യേശു അപ്പവും മീനും നൽകുന്നതിന് മുമ്പ് ചെയ്തത് (വാക്യം 16).

/2

എല്ലാവർക്കും തൃപ്തിയായി – ആർക്കും ലഭിക്കാതിരുന്നില്ല, കുറെ ശേഷിക്കുകയും ചെയ്തു.

യേശുവിന് ജനത്തിന്റെ ആവശ്യവും അതിന് എന്ത് ചെയ്യണമെന്നതും അറിയാം. യേശുവിന് ഇന്നും മാറ്റമില്ല. യേശു നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങളെ മുഴുവനായി അറിയുന്നു. നിങ്ങൾ അനുവദിക്കുന്നെങ്കിൽ യേശു നിങ്ങളേയും കരുതും. യേശു നമ്മെ വളരെ കരുതുന്നതുകൊണ്ടാണ് ക്രൂശിൽ മരിച്ചത്. അവനിൽ ആശ്രയിക്കുന്നവർക്ക് രക്ഷ പ്രാപിക്കാം.

**ചോദ്യം:** നിങ്ങൾ ആയിരിക്കുന്ന സാഹചര്യത്തിൽ യേശു നിങ്ങളെ കരുതാറുണ്ടോ?



ഭയപ്പെടുമ്പോൾ ? ഉറക്കത്തിൽ? സന്തോഷം?



ദുഃഖം ? ഏകാന്തത ? ആകുലത ?

/2

**ചോദ്യം:** താക്കോൽ വാക്യം എഴുതുക.

/2

ദൈവം എല്ലാറ്റിനേയും കരുതുന്നു എന്നുള്ളത് അത്ഭുതമാണ്. യേശുശിഷ്യന്മാരോട് പറഞ്ഞത്; അവർ സകല ലോകത്തേക്കാളും വിലയുള്ളവരാണ് എന്നാണ്. നമ്മേയും അതുപോലെ കരുതുകയും വേണ്ടത് നൽകുകയും ചെയ്യും.

**ആകെ**

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA

GOSPEL FOR CHILDREN

**LEVEL - 3**

**11 മുതൽ 13 വയസ്സുവരെ**

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

*For Private Circulation Only*